# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-പി.കെ.ഡി-24/2142/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 02/12/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.സെക്രട്ടറി,തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം
3.അസി.ഡവലപ്മെന്റ് കമ്മീഷണർ,തദ്ദേശ സ്വയംഭരണ വകുപ്പ്,പാലക്കാട്
4.കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ-പി.കെ.ഡി-24/2142/22 തീയ്യതി: 02/12/2022

## പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-01-2022 മുതൽ 18-09-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-09-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.വിനോദ് ശ്രീധർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 19-09-2022 | 28-09-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-09-2022 | 28-09-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഷർഫുദ്ദീൻ..എസ്.എച്ച്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.പത്മകുമാർ..സി.എൽ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.മോഹനൻ.കെ.എ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ.സി.കെ.ഉമ്മുസൽമ | പ്രസിഡന്റ് | 01-04-2021 | 20-12-2021 |
| ശ്രീ.എം.മുഹമ്മദ് ചെറൂട്ടി | പ്രസിഡന്റ് | 21-12-2021 | 11-01-2022 |
| അഡ്വ.സി.കെ.ഉമ്മുസൽമ | പ്രസിഡന്റ് | 12-01-2022 | 31-03-2022 |
| ശ്രീ.വിനു.എസ് | സെക്രട്ടറി | 01-04-2021 | 09-05-2021 |
| ശ്രീ.കെ.രാധാകൃഷ്ണൻ | സെക്രട്ടറി | 10-05-2021 | 23-01-2022 |
| ശ്രീ.ആദർശ് എബ്രഹാം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-01-2022 | 02-02-2022 |
| ശ്രീ.കെ.രാധാകൃഷ്ണൻ | സെക്രട്ടറി | 03-02-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. രജതമ്മ.ആർ | ചൈൽഡ് ഡെലപ്പ്മെന്റ് പ്രോജക്റ്റ് ഓഫീസർ | 01-04-2021 | 30-04-2021 |
| കുമാരി ഉഷ.ആർ | ചൈൽഡ് ഡെലപ്പ്മെന്റ് പ്രോജക്റ്റ് ഓഫീസർ | 01-05-2021 | 07-07-2021 |
| ശ്രീമതി. ഷീല.ടി | ചൈൽഡ് ഡെലപ്പ്മെന്റ് പ്രോജക്റ്റ് ഓഫീസർ | 08-07-2021 | 02-08-2021 |
| ശ്രീമതി. രമ.ആർ | ചൈൽഡ് ഡെലപ്പ്മെന്റ് പ്രോജക്റ്റ് ഓഫീസർ | 03-08-2021 | 16-09-2021 |
| ശ്രീമതി. ഷീല.ടി | ചൈൽഡ് ഡെലപ്പ്മെന്റ് പ്രോജക്റ്റ് ഓഫീസർ | 17-09-2021 | 20-12-2021 |
| ശ്രീമതി. രമ.ആർ | ചൈൽഡ് ഡെലപ്പ്മെന്റ് പ്രോജക്റ്റ് ഓഫീസർ | 21-12-2021 | 31-12-2021 |
| ശ്രീമതി. ഷീല.ടി | ചൈൽഡ് ഡെലപ്പ്മെന്റ് പ്രോജക്റ്റ് ഓഫീസർ | 01-01-2022 | 09-03-2022 |
| ശ്രീമതി. ബിന്ദു.എം.ആർ | ചൈൽഡ് ഡെലപ്പ്മെന്റ് പ്രോജക്റ്റ് ഓഫീസർ(ഇൻചാർജ്) | 10-03-2022 | 31-03-2022 |
| ശ്രീമതി. ഗിരിജ.കെ | പട്ടികജാതി വികസന ഓഫീസർ | 01-04-2021 | 14-04-2021 |

| | | | |
|---|---|---|---|
| ശ്രീ.മുനീർ റഹ്മാൻ | പട്ടികജാതി വികസന ഓഫീസർ (ഇൻചാർജ്)) | 15-04-2021 | 15-07-2021 |
| ശ്രീ.ചക്രാധരൻ.ആർ | പട്ടികജാതി വികസന ഓഫീസർ (ഇൻചാർജ്) | 16-07-2021 | 11-08-2021 |
| ശ്രീ.മുനീർ റഹ്മാൻ | പട്ടികജാതി വികസന ഓഫീസർ (ഇൻചാർജ്) | 12-08-2021 | 23-08-2021 |
| ശ്രീ.പ്രദീപ്കുമാർ.എസ് | പട്ടികജാതി വികസന ഓഫീസർ | 24-08-2021 | 31-03-2022 |
| ശ്രീ.ഷാജൻ.ടി.കെ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ.രാജേഷ് കുമാർ.ടി | വ്യവസായ വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.കെ.ടി.കൃഷ്ണൻകുട്ടി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 14-07-2021 |
| ശ്രീ.രാജേഷ്.പി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 15-07-2021 | 31-03-2022 |
| ശ്രീ.റഷീദ്.ഇ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 09-02-2022 |
| ശ്രീമതി. ആതിര.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ (അഡീ.ചാർജ്)) | 10-02-2022 | 31-03-2022 |
| ശ്രീ.അദ്വൈത്.കെ.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 22-07-2021 |
| ശ്രീ.അഭിജിത്ത് കെ. ദീപക് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 23-07-2021 | 02-11-2021 |
| ശ്രീമതി.ശാന്താമണി.ഇ.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 03-11-2021 | 31-03-2022 |
| ഡോ.റാബിയ.സി.പി | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റ് യഥാർത്ഥ്യബോധത്തോടെ തയ്യാറാക്കേണ്ടതാണ് | 1-1-1 |
| 3 | വാർഷികധനകാര്യപത്രിക | 1-2 |
| 4 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 1-2-1 |
| 5 | സാമ്പത്തിക വിശകലനം | 1-3 |
| 6 | ഫണ്ട് വിനിയോഗം | 1-4 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | ക്യാഷ് പരിശോധന | 1-6 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-7 |
| 10 | ഭരണസമിതിയുടെ യോഗ മിനിട്സുകൾ പ്രസിഡണ്ട് അംഗീകരിച്ചിട്ടില്ല | 1-7-1 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 12 | വാടക കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്. | 1-9 |
| 13 | പാലിയേറ്റീവ് സെക്കന്ററി  യൂണിറ്റിലേക്ക് മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല | 1-10 |
| 14 | PMAY– ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല | 1-11 |
| 15 | ലാപ്പ് ടോപ്പ് വിതരണം പൂർത്തിയാക്കിയിട്ടില്ല | 1-12 |
| 16 | വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗ്ഗനിർദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല | 1-13 |
| 17 | ഡെപ്പോസിറ്റ് വർക്ക് - പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ് | 1-14 |
| 18 | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-15 |
| 19 | കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചത് രേഖാമൂലം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറുന്നില്ല | 1-16 |
| 20 | പകൽ വീട്- കെട്ടിടം നാളിതുവരെയും പ്രവർത്തനക്ഷമമാക്കിയിട്ടില്ല | 1-17 |
| 21 | എഗ്രിമെന്റ് ചമയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല | 1-18 |
| 22 | പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരനിൽ നിന്നും പിഴ കുറവായി ഈടാക്കി | 1-19 |
| 23 | പുളിക്കലടി എസ്.ടി കോളനി കുടിവെള്ള പദ്ധതി- നിർവഹണത്തിലെ അപാകതകൾ | 1-20 |
| 24 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതുവായ വിലയിരുത്തൽ | 1-21 |
| | ഭാഗം **2** | |

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാർഷിക ധനകാര്യപത്രിക- സംക്ഷിപ്തം |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

17-02-2021 ലെ ഭരണ സമിതി തീരുമാനം നമ്പർ 1/1 പ്രകാരമാണ് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുള്ളത്. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് തയ്യാറാക്കിയിട്ടില്ല. ബജറ്റ് വിവരം ചുവടെ ചേർക്കുന്നു.

| മുന്നിരിപ്പ് | ഇല്ല |
|---|---|
| വരവ് | ₹520569835 |
| ആകെ | ₹520569835 |
| ചെലവ് | ₹518217735 |
| നീക്കിയിരിപ്പ് | ₹2352100 |

### 1-1-1 ബജറ്റ് യഥാർത്ഥ്യബോധത്തോടെ തായ്യാറാക്കേണ്ടതാണ്

2021-2022 വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവും-ചെലവും വാർഷിക കണക്ക് പ്രകാരമുള്ള വരവും-ചെലവും തമ്മിൽ ഗണ്യമായ അന്തരം ഉള്ളതായി കാണുന്നു.

| ഇനം | ബജറ്റ് പ്രകാരം | യഥാർത്ഥ തുക |
|---|---|---|
| തൻ വർഷത്തെ വരവ് | ₹52,05,69,835 | ₹11,86,78,089.87 |
| തൻ വർഷത്തെ ചെലവ് | ₹51,82,17,735 | ₹7,79,80,301.00 |

നിർവ്വഹണ ഉദ്യോഗസ്ഥരുമായുള്ള ക്രിയാത്മക ചർച്ചയിലൂടെ യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 29.06.2022 | - | - |

### 1-2-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്മേൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യ സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കാത്തതിനാൽ കൃത്യത ഉറപ്പാക്കാനായില്ല. ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2. വാർഷിക ധനകാര്യപത്രിക R&P Statement, Schedule RP-13 പ്രകാരമുള്ള ചെലവ് ഇന്ധനചെലവ് 204218 (112709+91509) രൂപയും, മെയിന്റിനൻസ് ചെലവ് 102915 (27255+35085+23075+17500) രൂപയും ആണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ ഉപയോഗിക്കുന്ന വാഹനങ്ങളുടെ ഫ്യുവൽ രജിസ്റ്റർ, മെയിന്റനൻസ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

3. പി.എം.എ.വൈ ഭവന പദ്ധതി ചെലവിന്റെ ആവശ്യത്തിനായി സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ട്

നീക്കിയിരിപ്പ് {AFS Schedule RP-40(b)} ₹22621994 (Union Bank-Mannarkkad Branch- A/C No.762702010006697) ആണ്. എന്നാൽ AFS Schedule B4 പ്രകാരം ചെലവഴിക്കാൻ ബാധ്യതയായി 24339948 രൂപയാണുള്ളത്. വ്യത്യാസം ₹1717954/-.

4.31.03.2022 ന് ബാങ്ക് റിക്കൺസിലിയേഷന്റെ പരിശോധന നടത്തിയതിൽ ബാങ്ക് അക്കൗണ്ട് നം. 4803000100009588 (PNB, Mannarkkad Branch) ഉള്ള തുക 789878 വർഷങ്ങളായി നിഷ്ക്രിയ അവസ്ഥയിലാണ്. SDFMLA/MPLAD ആവശ്യത്തിലേക്ക് തുടങ്ങിയ അക്കൗണ്ടാണ്. തുക ചെലവഴിക്കാത്തപക്ഷം ബന്ധപ്പെട്ട ശീർഷകത്തിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

5. വാർഷിക ധനകാര്യ പത്രിക പ്രകാരം വരവിനമായ ഷോപ്പിംഗ് കോംപ്ലക്സ് വാടക ഡിമാന്റ് ₹677340 ആണ്. എന്നാൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം 667710 രൂപയാണ്. 2021-22 AFS പ്രകാരം തൻവർഷ വരവ് 184777 എന്നാൽ ഡിമാന്റ് രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകളില്ല. സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6. വാർഷിക ധനകാര്യ പത്രിക Balance Sheet B-18 പ്രകാരം അഡ്വാൻസ് തുക നൽകിയത് 2675462 രൂപയാണ്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരം 2208377 രൂപയാണ്. വ്യത്യാസം ₹467085/-

7. വാർഷിക ധനകാര്യ പത്രികയിലെ പദ്ധതി വിഹിതം വരവ് ചെലവ് കണക്കുകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവ് (₹) | വാർഷിക ധനകാര്യ പത്രക പ്രകാരമുള്ള ചെലവ് (₹) |
|---|---|---|
| വികസന ഫണ്ട്- ജനറൽ | 24424357 | 24111007 |
| വികസന ഫണ്ട്- എസ്.സി.പി | 12848486 | 12469369 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 9716446 | 10024818 |

(ഓഡിറ്റ് എൻക്വയറി നം.09/27.09.2022)

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 28731644.87 |
| വരവ് | ₹89946445.00 |
| ആകെ | ₹118678089.87 |
| ചെലവ് | ₹77980301.00 |
| നീക്കിയിരിപ്പ് | ₹40697788.87 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി (₹) | തൻവർഷ വരവ്(₹) | ആകെ(₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ലാപ്സ് ആയ തുക(₹) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 41695000 | 41695000 | 24111007 | 17583993 |
| വികസനഫണ്ട് - എസ്.സി.പി | 0 | 19485000 | 19485000 | 12469369 | 7015631 |
| വികസനഫണ്ട് - ടി.എസ്.പി | 0 | 3090000 | 3090000 | 1216800 | 1873200 |
| മെയ്ന്റനൻസ് ഗ്രാന്റ്- നോൺ റോഡ് | 0 | 13402523 | 13402523 | 4318426 | 9084097 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- അടിസ്ഥാന ഗ്രാന്റ് (Untied) | 0 | 10754084 | 10754084 | 10024818 (754331+ 2410441+ 6860046) | 17141670 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(Tied) | 0 | 16179731 | 16179731 | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്- ബാങ്ക് പലിശ | 0 | 232673 | 232673 | | |

മേൽ പറഞ്ഞ സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(Untied&Tied) നീക്കിയിരിപ്പ്/ലാപ്സായ 17141670രൂപയിൽ 12782627രൂപ ബാങ്കിൽ നീക്കിയിരിപ്പും, ബാക്കി തുക 4359043രൂപ ചെലവഴിക്കാത്തതിനാൽ ലാപ്സാവുകയും ചെയ്തിട്ടുണ്ട്.

മേൽ പറഞ്ഞ കണക്കുകൾ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ളതാണ്. വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വരവ് ചെലവുകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (ACR) പ്രകാരമുള്ള കണക്കുകളും, 'സുലേഖ' സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ചെലവഴിക്കാത്ത തുകയും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ചെലവായി രേഖപ്പെടുത്തിയിട്ടുണ്ട്.

കേന്ദ്രാവിഷ്കൃതം

| ഫണ്ടിനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| TSC | 932803 | 43250 | 976053 | 24000 | 952053 |
| IAY/PMAY കേന്ദ്രവിഹിതം | 24227948 | 718126 | 24946074 | 2324080 | 22621994 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീ | പദ്ധതി | നടപ്പാ | പദ്ധതി | ഭാഗിക | നടപ്പാ | പൂർത്തീ |
|---|---|---|---|---|---|---|

| കാരം ലഭിച്ചത് (എണ്ണം) | അടങ്കൽ (₹) | ക്കിയത് (എണ്ണം) | ചെലവ് (₹) | മായി നടപ്പാക്കിയത് (എണ്ണം) | ക്കാത്തവ (എണ്ണം) | കരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 182 | 133762856 | 91 | 54926924 | 0 | 91 | 50% |

വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക(₹) | ചെലവഴിച്ച തുക(₹) | ചെലവ് % |
|---|---|---|---|---|---|
| ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ | 3 | 2 | 5452200 | 2942602 | 53.97 |
| സെക്രട്ടറി | 23 | 18 | 36187539 | 21495621 | 59.40 |
| മെഡിക്കൽ ഓഫീസർ-CHC | 4 | 3 | 4287165 | 3276302 | 76.42 |
| പട്ടികജാതി വികസന ഓഫീസർ | 3 | 3 | 2500000 | 2384484 | 95.38 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 2 | 2 | 1276780 | 1266241 | 99.17 |
| സീനിയർ വെറ്ററിനറി സർജ്ജൻ | 6 | 5 | 6933100 | 340000 | 4.90 |
| ക്ഷീര വികസന ഓഫീസർ | 3 | 3 | 2835000 | 1765012 | 62.25 |
| ഇൻഡസ്ട്രിയർ എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 2400000 | 1500000 | 62.50 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 33 | 23 | 17327952 | 7482507 | 43.18 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 104 | 31 | 54563120 | 12474155 | 22.86 |
| ആകെ | 182 | 91 | 133762856 | 54926924 | 41.06 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-09-2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഒന്നും ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം

തനത് ഫണ്ടിലെ എല്ലാ ചെലവുകളും ശരിയായ രീതിയിൽ വൗച്ചർ ചെയ്യപ്പെടുന്നുണ്ട്. മുഴുവൻ വൗച്ചറുകളിലും പ്രസിഡന്റ് ഒപ്പ് വെച്ച് ആധികാരികമാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ മീറ്റിംഗ് തീരുമാനങ്ങളുടെ മിനുട്സ് സകർമ്മ സോഫ്റ്റ്വെയറിലൂടെയാണ് തയ്യാറാക്കുന്നത്. എന്നാൽ എല്ലാ മിനുട്സുകളും പ്രസിഡണ്ട് ഒപ്പ് വെച്ച് ആധികാരികമാക്കിയിട്ടില്ല.

ബ്ലോക്ക്പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആസ്തികളുടെ സമഗ്രമായ വിവരങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തുകളുടെ ആസ്തിയിൽ ഉൾപ്പെട്ടിട്ടുള്ള കുടിവെള്ള പദ്ധതികൾ ഏറ്റെടുത്ത് നടത്തുമ്പോൾ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളുടെ അനുമതി പത്രം ലഭ്യമാക്കുകയോ, പൂർത്തിയാക്കിയ പദ്ധതികൾ രേഖാമൂലം ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറുകയോ ചെയ്തിട്ടില്ല. മരാമത്ത് പ്രവൃത്തികളായ കുടിവെള്ള പദ്ധതികളിൽ മോട്ടോർ വാങ്ങുമ്പോൾ ഇൻവോയിസ്, വാറന്റി കാർഡ് എന്നിവ ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പ് കാര്യക്ഷമത ഉറപ്പ വരുത്തേണ്ടതാണ്. കൃത്യമായ ആസൂത്രണത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെ സമയബന്ധിതമായ ഇടപെടലിന്റെയും അഭാവത്തിൽ 2021-22 സാമ്പത്തിക വർഷം സർക്കാരിൽ നിന്നും ലഭ്യമായ ഗ്രാന്റുകളിൽ ₹3,99,15,964/- ചെലവഴിക്കാനാവാതെ നഷ്ടപ്പെട്ടു. ചെലവഴിക്കാത്ത ഗ്രാന്റുകൾ തുടർവർഷങ്ങളിൽ ലഭ്യമാവാത്ത ഈ സാഹചര്യത്തിൽ സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പരമാവധി അതാത് വർഷങ്ങളിൽ തന്നെ ഉപയോഗപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ ഭരണസമിതി അംഗങ്ങളും സെക്രട്ടറിയും മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരും ജീവനക്കാരും ശ്രദ്ധാപൂർവ്വം പ്രവർത്തിക്കേണ്ടതാണ്.

### 1-7-1 ഭരണസമിതിയുടെ യോഗ മിനിട്സുകൾ പ്രസിഡണ്ട് അംഗീകരിച്ചിട്ടില്ല

ഭരണഘടനാപരമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ചുമതലകളും ഉത്തരവാദിത്തങ്ങളും ഫലപ്രദമായി നിർവ്വഹിക്കുന്നതിന് ചിട്ടയായ പ്രവർത്തനം അനിവാര്യമാണ്. ലഭിച്ച അധികാരങ്ങൾ കാര്യക്ഷമമായും സത്യസന്ധമായും സുതാര്യമായും ജനകീയ നിയന്ത്രണത്തിന് വിധേയമായും വിനിയോഗിച്ച് കൊണ്ട് അധികാര വികേന്ദ്രീകരണത്തിന്റെയും തദ്ദേശ ഭരണ സ്ഥാപനത്തിന്റെയും ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് ജനപ്രതിനിധികളെയും ജീവനക്കാരെയും സഹായിക്കുന്നതിന് വേണ്ടിയാണ് 'സകർമ്മ' സോഫ്റ്റ് വെയർ തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വർഷത്തെ ഭരണസമിതിയുടെ യോഗ മിനിട്സുകൾ 'സകർമ്മ' പരിശോധിച്ചതിന്മേലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No. | Date Of Meeting | Status Of Minutes |
|---|---|---|
| 1 | 31.08.2021 | Copy Given To President And Sent To President's Login For Approval |
| 2 | 28.09.2021 | Copy Given To President And Sent To President's Login For Approval |

| | | |
|---|---|---|
| 3 | 23.11.2021 | Copy Given To President And Sent To President's Login For Approval |
| 4 | 30.11.2021 | Copy Given To President And Sent To President's Login For Approval |
| 5 | 17.11.2022 | Copy Given To President And Sent To President's Login For Approval |
| 6 | 22.01.2022 | Copy Given To President And Sent To President's Login For Approval |
| 7 | 31.01.2022 | Copy Given To President And Sent To President's Login For Approval |
| 8 | 17.02.2022 | Draft Decision Approved And Draft Minutes Sent To President's Login For Approval |
| 9 | 09.03.2022 | Copy Given To President And Sent To President's Login For Approval |
| 10 | 17.03.2022 | Copy Given To President And Sent To President's Login For Approval |
| 11 | 19.03.2022 | Copy Given To President And Sent To President's Login For Approval |
| 12 | 31.03.2022 | Copy Given To President And Sent To President's Login For Approval |
| 13 | 07.04.2022 | Copy Given To President And Sent To President's Login For Approval |
| 14 | 30.04.2022 | Copy Given To President And Sent To President's Login For Approval |
| 15 | 16.05.2022 | Copy Given To President And Sent To President's Login For Approval |

മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ഹാജർ രജിസ്റ്റർ പ്രകാരം 2021-22 ൽ 24 യോഗങ്ങൾ ചേർന്നുവെങ്കിലും 12 യോഗങ്ങളുടെ മിനിട്ട്സുകൾ 'സകർമ്മ' യിൽ പ്രസിഡണ്ട് അംഗീകരിച്ചിട്ടില്ല.

2022-23 ലെ 3 യോഗങ്ങളുടേയും മിനിട്ട്സുകൾ 'സകർമ്മ' യിൽ പ്രസിഡണ്ട് അംഗീകരിച്ചിട്ടില്ല.

15 ഭരണസമിതി യോഗനടപടിക്രമങ്ങൾ അംഗീകരിക്കാതെ ബ്ലോക്ക് പഞ്ചായത്തിൽ ഭരണസ്തംഭനാവസ്ഥ സൃഷ്ടിച്ചത് സംബന്ധിച്ച് ഭരണ സമിതിയുടെ 26.08.2022ലെ തീരുമാന പ്രകാരം പരാതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാൻ മുമ്പാകെ 13.09.2022 ന് നൽകിയിട്ടുണ്ട്.

(ഓഡിറ്റ് എൻക്വയറി നം.15/28.09.2022)

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.11.2021 മുതൽ 04.12.2021 വരെ | 2020-21 | 19.01.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.03.2022 മുതൽ 24.03.2022 വരെ | 2017-18 മുതൽ 2021-22 വരെ | 27.05.2022 |

മേൽ പറഞ്ഞ ഓഡിറ്റ് റിപ്പോർട്ടുകളിൽമേൽ സ്വീകരിച്ച തുടർ നടപടികളുടെ ഫയൽ പരിശോധനയ്ക്ക് ലഭ്യമായില്ല.

1-9 വാടക കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിൽ 32 കടമുറികൾ ഉള്ളതിൽ 5 എണ്ണം ഒഴിഞ്ഞു കിടക്കുകയാണ്.

സർക്കാർ ഉത്തരവ് പ്രകാരം ജൂലൈ 2021 മുതൽ ഡിസംബർ 2021 വരെ കടമുറികളുടെ വാടക ഒഴിവാക്കിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. {സ.ഉ.(കൈ)നം:115/202/ധന, തിയതി.30.09.21} വാടക പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

(1) താഴെ പറയുന്ന വാടകക്കാരിൽ നിന്നും വാടക പിരിച്ചതായി കാണുന്നില്ല.

| ക്രമ നം. | കെട്ടിട നമ്പർ | വാടകക്കാരന്റെ പേര് | കാലയളവ് |
|---|---|---|---|
| 1 | 10/769 | ഫാത്തിമ തട്ടാരക്കടവ്, മന്ദാരം SHG | 2021-22 മുഴുവൻ (മാസം 2625/- + GST) |
| 2 | റൂം നമ്പർ 3, ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ട് | ശ്രീ. വി.കെ.ശ്രീകണ്ഠൻ (M.P.) | 2022 (ജനുവരി, ഫെബ്രുവരി, മാർച്ച്) (മാസം 1100/- + GST) |
| 3 | റൂം നമ്പർ 1, ദയ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ട് | ഷീജ | 2022 മാർച്ച് (മാസം 1100/- + GST) |
| 4 | റൂം നമ്പർ3, വട്ടമ്പലം ന്യൂ ബിൽഡിംഗ് | സുനിത | 2021 ഏപ്രിൽ, മെയ്, ജൂൺ (മാസം 4000/- + GST) |
| 5 | റൂം നമ്പർ 4, വട്ടമ്പലം ന്യൂ ബിൽഡിംഗ് | സൈനബ | 2021 ഏപ്രിൽ, മെയ്, ജൂൺ (മാസം 890+GST) |
| 6 | റൂം നമ്പർ 5, | സുലേഖ വാത്സല്യം | 2021 ഏപ്രിൽ, |

| | | | |
|---|---|---|---|
| | വട്ടമ്പലം ന്യൂ ബിൽഡിംഗ് | | മെയ്, ജൂൺ (മാസം 3600/- + GST) |
| 7 | റൂം നമ്പർ 8, നെല്ലിപ്പുഴ | അസീമ. കെ. | 2022 (ജനുവരി, ഫെബ്രുവരി, മാർച്ച്) (മാസം 1050/- + GST) |

വാടക പിരിച്ചെടുക്കേണ്ടതും, ആയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

വാർഷിക ധനകാര്യ പത്രികയിലെ വാടകയിനത്തിൽ ഡിമാന്റ് 677340/- രൂപയും, വരവ് 184777 രൂപയും ആണ്. കൂടാതെ കുടിശ്ശിക ഇനത്തിൽ 111725 രൂപ വരവും ഉണ്ട്. വാടക രജിസ്റ്റർ പ്രകാരം ഡിമാന്റ്, കളക്ഷൻ, ബാലൻസ് യഥാക്രമം ₹667710, ₹294704, ₹133440 ആണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

(2) ബ്ലോക്ക് പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് - ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നടത്തിപ്പിനായുള്ള ബൈലോ നാളിതുവരെ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങിയതായി കാണുന്നില്ല. സർക്കാർ അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. ആയതിനാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256-ാം വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ ചട്ടം 3 (5,6,7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി സർക്കാരിന്റെയോ സർക്കാരിനാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെയോ അംഗീകാരം ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(3) 2021-22 വർഷത്തിലെ വാർഷിക കണക്കിലെ ബി-15 ഷെഡ്യൂൾ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് വാടകയിനത്തിൽ (492563+51010)= 543573/- രൂപ കുടിശികയായി ലഭിക്കാനുണ്ട്. ആയത് പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

(4) ഒഴിഞ്ഞു കിടക്കുന്ന കടമുറികൾ എത്രയും പെട്ടെന്ന് ലേലം ചെയ്ത് നൽകേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം : 3/26-09-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-10 പാലിയേറ്റീവ് സെക്കന്ററി യൂണിറ്റിലേക്ക് മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല

2021-22 വർഷത്തിൽ മെഡിക്കൽ ഓഫീസർ സി.എച്ച്.സി. നിർവ്വഹണം നടത്തിയ പാലിയേറ്റീവ് സെക്കന്ററി യൂണിറ്റിലേക്ക് മരുന്ന വാങ്ങൽ എന്ന പദ്ധതി പ്രകാരം മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല.

| പ്രൊജക്റ്റ് നമ്പർ /പേര് | അടങ്കൽ | ചെലവ് |
|---|---|---|
| 81/21-22, പാലിയേറ്റീവ് സെക്കന്ററി യൂണിറ്റ് വാഹന വാടകയും, മരുന്നും ഉപകരണങ്ങൾ വാങ്ങൽ<br>നിർവ്വഹണം: മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | ₹1000000 | ₹948427 |

മേൽ ചെലവിൽ ട്രഷറി ബിൽ നമ്പർ : 14/04-10-2021 പ്രകാരം 518426/- രൂപ മാനേജിംഗ് ഡയറക്ടർ, കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ അക്കൗണ്ട് നമ്പർ 3624001800000019 ലേക്ക് (പഞ്ചാബ് നാഷണൽ ബാങ്ക്, മെഡിക്കൽ കോളേജ് ബ്രാഞ്ച് തിരുവനന്തപുരം) ( UTR NO. RBI 2772190527941 ) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തിയതി വരെ 420625 /- രൂപയുടെ മരുന്നുകളാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 97801 /- രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണം : 2/24-09-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-11 PMAY- ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

2016-2017 മുതൽ 2021-2022 വരെയുള്ള സാമ്പത്തിക വർഷത്തിലുള്ള ഇന്ദിര ആവാസ് യോജന/പ്രധാനമന്ത്രി ആവാസ് യോജന പദ്ധതികൾ പ്രകാരം ആരംഭിച്ച ഭവന നിർമ്മാണത്തിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | ടാർഗറ്റ് | കരാർ ചമച്ചവർ | പണി പൂർത്തീ കരിച്ചവർ | പൂർത്തികരിക്കാൻ ബാക്കിയുള്ളത് & സ്റ്റേജ് |
|---|---|---|---|---|
| 2016-2017 | 96 | 96 | 95 | Basement (ശ്രീമതി വിജയകുമാരി ) |
| 2017-2018, 2018-2019, 2019-2020 | ഇല്ല | | | |
| 2020-2021 | 37 | 37 | 36 | Lintel ( ശ്രീ രാമചന്ദ്രൻ ) |
| 2021-2022 | 226 | 223 | 3 | 220<br>Basement - 95<br>Lintel - 63<br>Roof -62 |

2016-2017 ൽ ശ്രീമതി വിജയകുമാരി W/o രവി, മണങ്ങാട്ടിൽ, കാഞ്ഞിരം, പൊറ്റശ്ശേരി പി.ഒ കാഞ്ഞിരപ്പുഴ 80000/- തുക നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ പണി പൂർത്തികരിച്ചതായി കാണുന്നില്ല. കൂടാതെ 2020-21ൽ ശ്രീ. രാമചന്ദ്രൻ, തോട്ടത്തിൽ, അലാറംപടി, മുതുകുറുശ്ശി.പി.ഒ, തച്ചമ്പാറ 376000/- തുക നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ പണി പൂർത്തികരിച്ചതായി കാണുന്നില്ല. പണിപൂർത്തികരിക്കാത്തവരിൽ നിന്നും തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 2021-2022 പണി പൂർത്തീകരിക്കാത്ത 220 ഭവനങ്ങളുടെ പണിപൂർത്തീകരിക്കാൻ സത്വര നടപടികൾ

സ്വീകരിക്കേണ്ടതാണ്. ആയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.4/26.09.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ശ്രീമതി. വിജയകുമാരി, ശ്രീ. രാമചന്ദ്രൻ എന്നിവരിൽ നിന്നും തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 ലാപ്പ് ടോപ്പ് വിതരണം പൂർത്തിയാക്കിയിട്ടില്ല

| | |
|---|---|
| പ്രൊജക്റ്റ് നം | 161/22 |
| പ്രോജക്ടിന്റെ പേര് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് ലാപ്പ് ടോപ്പ് വാങ്ങി നൽകൽ |
| അടങ്കൽ | ₹450000 (തനത് ഫണ്ട്) |
| ചെലവ് | ₹394310 (ബിൽ നം.60/29.09.2021) |
| നിർവഹണ ഉദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |

2021-22 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ 50/2021/ഡിപിഒ/ഡിപിസി/പികെഡി തീയതി 10.9.21 നമ്പർ ഡി പി സി അംഗീകാരം ലഭിച്ചത് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ഗ്രാമപഞ്ചായത്തുകളിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് 14 ലാപ് ടോപ്പുകൾ വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് സ്റ്റേറ്റ് ഐടി മിഷനിലേക്ക് 394310/- ഫണ്ട് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും കെൽട്രോൺ സപ്ലൈ ചെയ്ത ലാപ്ടോപ്പുകൾ ബ്ലോക്ക് പഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിവിധ തീയതികളിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ലഭിച്ച 14 ലാപ് ടോപ്പുകളിൽ 12 എണ്ണം മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. ആയത് സംബന്ധിച്ച ഓഡിറ്റ്അന്വേഷണത്തിന് (നം.8/27.9.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ലാപ്ടോപ്പുകളുടെ വിതരണത്തെ സംബന്ധിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച മാർഗ്ഗനിർദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ല

2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ബ്ലോക്ക് പഞ്ചായത്ത് ഉപയോഗിക്കുന്ന വിവിധ വാഹനങ്ങൾക്ക് ഇന്ധന ചെലവായും മെയിന്റനൻസ് ചെലവായും താഴെ പറയുന്ന തുകകൾ ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ പറയുന്നു.

| ഇന്ധന ചെലവ് | മെയിന്റനൻസ് ചെലവ് |
|---|---|
| ₹204218 | ₹102965 |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച 30.6.2007 ലെ സ.ഉ(എം.എസ്)170/2007/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ്, ധനകാര്യ വിഭാഗത്തിന്റെ സർക്കുലർ നമ്പർ 41/2008/ധനം.02/08/2008 എന്നിവ അടിസ്ഥാനമാക്കി 2021-22 സാമ്പത്തിക വർഷത്തെ ലോഗ് ബുക്കുകൾ, രജിസ്റ്ററുകൾ, ചെലവ് രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

ഓരോ വാഹനത്തെ സംബന്ധിച്ചും കസ്റ്റോഡിയൻ ഓഫീസർ താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.

1.ലോഗ് ബുക്ക്

2.റിപ്പയർ രജിസ്റ്റർ

3.ഫ്യൂവൽ രജിസ്റ്റർ

എന്നാൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഉപയോഗിക്കുന്ന വാഹനത്തിനും (രജിസ്ട്രേഷൻ നം.- KL-50 B 5213 Xylo) സെക്രട്ടറി ഉപയോഗിക്കുന്ന വാഹനത്തിനും (രജിസ്ട്രേഷൻ നം.- KL-50 C 704 Bolero) ലോഗ് ബുക്ക് ഒഴികെ മറ്റ് രജിസ്റ്ററുകളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടി

വാഹനത്തിന്റെ മെയിന്റനൻസ്, ഇന്ധനച്ചെലവ് എന്നിവയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല. ലോഗ് ബുക്കിൽ ഇന്ധനം വാങ്ങിയതിന്റെ (ബിൽ നം. വൗച്ചർ നമ്പർ എന്നിവ) വിവരങ്ങൾ ചേർക്കുന്നില്ല. ഓരോ യാത്രയുടെയും വിശദവിവരങ്ങൾ ഡ്രൈവർ യഥാസമയം ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതും, ആയത് യാത്ര ചെയ്തവർ സാക്ഷ്യപ്പെടുത്തേണ്ടതും കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ ലോഗ് ബുക്ക് പരിശോധിച്ച് ക്രമപ്രകാരമാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/27.9.22) മറുപടി ലഭ്യമായിട്ടില്ല.

1-14 ഡെപ്പോസിറ്റ് വർക്ക് - പൂർത്തീകരണ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്

ഡെപ്പോസിറ്റ് പ്രവൃത്തികൾ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. താഴെ പറയുന്ന ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ (Utilisation Certificate) ഹാജരാക്കിയില്ല.

നിർവഹണ ഉദ്യോഗസ്ഥൻ - ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി

| ക്രമ നം. | പ്രോജക്റ്റ് നമ്പരും, പേരും | അടങ്കൽ | ചെലവ് | ബിൽ നം./ തിയതി | തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | 192/22- വല്ലുവൻപുഴ കോളനി നാല് സെന്റ് കോളനി നായാടി കോളനി പൊതൊഴി നാല് സെന്റ് കോളനി ചെറുകര കോളനി ഒട്ടുവങ്ങാട് കോളനി കുന്തിപ്പാടം കോളനി പച്ചീരി കോളനി മണ്ണാൻ കോളനി പൊതുവച്ചോല കോളനി എന്നിവിടങ്ങളിൽ സൗരോർജ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ കുമരംപുത്തൂർ ഗ്രാമ പഞ്ചായത്ത് | 510000 | 510000 | 31/ 21.3.22 | ജില്ല എൻജിനിയർ അനർട്ട്, പാലക്കാട് |
| 2 | 266/22 - അമ്പലപ്പറമ്പ് കല്ലംകാട് വാളിയാടി വടക്കേമഠം കോളനികളിൽ സൗരോർജ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ കുമരംപുത്തൂർ ഗ്രാമ പഞ്ചായത്ത് | 510000 | 510000 | 32/ 21.3.22 | ജില്ല എൻജിനിയർ അനർട്ട്, പാലക്കാട് |

| | | | | | |
|---|---|---|---|---|---|
| 3 | 279/22 – ഹൈരാനി നെല്ലിക്കുന്ന് വാക്കോടൻ കോമ്പാട മുക്കാലൻകുന്ന് ലക്ഷം വീട് കോളനി സൌരോർജ്ജ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ കരിമ്പ ഗ്രാമ പഞ്ചായത്ത് | 510000 | 382000 | 33/ 213.22 | ജില്ല എൻജിനിയർ അനർട്ട്, പാലക്കാട് |
| 4 | 282/22- കല്ലംകാട് കോളനി സൗരോർജ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ കുമരംപുത്തൂർ ഗ്രാമ പഞ്ചായത്ത് | 180000 | 180000 | 35/ 21.3.22 | ജില്ല എൻജിനിയർ അനർട്ട്, പാലക്കാട് |
| 5 | 339/22 – കുനിയങ്കാട് എസ് സി കോളനിയിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ കരിമ്പ ഗ്രാമ പഞ്ചായത്ത് | 200000 | 200000 | 34/ 21.3.22 | ജില്ല എൻജിനിയർ അനർട്ട്, പാലക്കാട് |
| 6 | 336/22 അമ്പലപ്പാറ ഇരട്ടവാരി എസ്റ്റി കോളനിയിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 202786 | 198000 | 36/ 21.3.22 | ജില്ല എൻജിനിയർ അനർട്ട്, പാലക്കാട് |
| 7 | 32/22 – അമ്പംക്കടവ് മുണ്ടക്കുന്ന് മുണ്ടപ്പാടം പട്ടികജാതി കോളനികളിൽ വാട്ടർ അതോറിറ്റി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ കാഞ്ഞിരപ്പുഴ പഞ്ചായത്ത് | 510000 | 510000 | 28/ 11.3.22 | എക്സി. എഞ്ചിനീയർ, കെ.ഡബ്ല്യ.എ, പി.എച്ച്. ഡിവിഷൻ, ഷൊർണ്ണൂർ |

പ്രവർത്തി പൂർത്തീകരിച്ച് ധനവിനിയോഗ സാക്ഷ്യപത്രവും പൂർത്തികരണ സാക്ഷ്യപത്രവും ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ആയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.5/26.9.22) മറുപടി ലഭ്യമായിട്ടില്ല.

1-15 ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ-പദ്ധതി നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നം | 195/22 |
| പ്രോജക്ടിന്റെ പേര് | 8 ഗ്രാമപഞ്ചായത്തുകളിൽ ഫുഡ് പ്രോസസിംഗ് യൂണിറ്റുകൾക്ക് ധനസഹായം നൽകൽ |
| അടങ്കൽ | 2400000 (പൊതുവിഭാഗം) |
| ചെലവ് | 1500000/- |
| നിർവഹണ ഉദ്യോഗസ്ഥൻ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ |

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള 5 ഗ്രാമപഞ്ചായത്തുകളിൽ ജനറൽ വിഭാഗത്തിൽപ്പെടുന്ന വനിതാ കുടുംബശ്രീ ഗ്രൂപ്പുകൾക്ക് ഫുഡ് പ്രോസസിംഗ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് സബ്സിഡി ബാങ്ക് ലോൺ മുഖേനയാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചത്. പ്രവർത്തനം തുടങ്ങാൻ 3 ലക്ഷം രൂപ വീതം 5 വനിതാ കുടുംബശ്രീ ഗ്രൂപ്പുകൾക്ക് ബാക്ക് എൻഡ് സബ്സിഡിയായി 1500000/-തുക ബാങ്കിന് കൈമാറിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| യൂണിറ്റിന്റെ പേര് | സബ്സിഡി കൈമാറിയിട്ടുള്ള ബാങ്ക് | അക്കൗണ്ട് നം. | ലോൺ തുക/ തീയതി | സബ് സിഡി /തീയതി | നിലവിലുള്ള അവസ്ഥ |
|---|---|---|---|---|---|
| ഹരിതം ഫുഡ് പ്രോസസ്സിംഗ് യൂണിറ്റ് അലനല്ലൂർ | കേരള ഗ്രാമീണ ബാങ്ക് അലനല്ലൂർ | 68915365 000122 | 500000/ 22.3.22 | 300000/ 30.3.22 | 20.7.22ന് പ്രവർത്തനം ആരംഭിച്ചു |
| വീട്ടുരുചി ഫുഡ് പ്രോസസ്സിംഗ് യൂണിറ്റ് ചിറക്കൽപടി കാഞ്ഞിരംപുഴ | കേരള സായാഹ്ന ബാങ്ക് മണ്ണാർക്കാട് | 027077600 00005 | 500000/ 25.3.22 | 300000/ 31.3.22 | 07.7.22ന് പ്രവർത്തനം ആരംഭിച്ചു |
| എക്കോഫ്രഷ് ഫുഡ് പ്രോസസ്സിംഗ് യൂണിറ്റ്, തച്ചനാട്ടുകര | ചെത്തല്ലൂർ സർവ്വീസ് സഹകരണ ബാങ്ക്, കരിങ്കല്ലത്താണി | 004034000 000066 | 500000/ 31.3.22 | 300000/ 31.3.22 | 24.6.22ന് പ്രവർത്തനം ആരംഭിച്ചു |
| ഫൈവ്സ്റ്റാർ ഫുഡ് പ്രോസസ്സിംഗ് യൂണിറ്റ് തച്ചനാട്ടുകര | ചെത്തല്ലൂർ സർവ്വീസ് സഹകരണ ബാങ്ക്, കരിങ്കല്ലത്താണി | 003010000 005015 | 500000/ 14.4.22 | 300000/30.03.22 | 15.8.22ന് പ്രവർ ത്തനം ആരംഭിച്ചു |
| ബിസ്മി ഫുഡ് | കേരള | 028012800 | 500000/ | 300000/31.03.22 | പ്രവർ |

| | | | | | |
|---|---|---|---|---|---|
| പ്രോസസ്സിംഗ് യൂണിറ്റ് കോട്ടോപ്പാടം | ബാങ്ക് അലനല്ലൂർ | 00003 | 22.3.22 | | ത്തനം ആരംഭി ച്ചിട്ടില്ല |

ഫുഡ് പ്രോസസിംഗ് പ്രവർത്തനം ആരംഭിക്കാതെ തന്നെ കോട്ടോപ്പാടത്തുള്ള ബിസ്മി ഫുഡ് പ്രോസസിംഗ് യൂണിറ്റിന് ബാക്ക് എൻഡ് സബ്സിഡിയായി 3 ലക്ഷം 31.03.22ന് നൽകിയിട്ടുണ്ട്. പ്രവർത്തനം തുടങ്ങുന്നതിന് മുമ്പായി ബിസ്മി ഫുഡ് പ്രോസസിംഗ് യൂണിറ്റിന് സബ്സിഡി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.6/27.9.22)) പ്രവർത്തനം തുടങ്ങുന്നതിന് ആവശ്യമുള്ള വർക്ക്ഷെഡ്/കെട്ടിടം ലഭിക്കുന്നതിന് വേണ്ടി MGNREGS ന് അപേക്ഷ നൽകിയിട്ടുണ്ട്. ആയതിന് വേണ്ടിയുള്ള അഡ്മിനിസ്ട്രേറ്റിവ് & സാങ്കേതിക അനുമതി എന്നിവ ആയിട്ടുണ്ട്. കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ച് ഫുഡ് പ്രോസസ്സിംഗ് യൂണിറ്റ് ആരംഭിക്കുമെന്ന് ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ മറുപടി നൽകിയിട്ടുണ്ട്. ബിസ്മി ഫുഡ് പ്രോസസ്സിംഗ് ഉൾപ്പെടെയുള്ള എല്ലാ യൂണിറ്റും മോണിറ്ററിംഗ് ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ചത് രേഖാമൂലം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറുന്നില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് 172-ാം വകുപ്പ്, (1)-ാം ഉപവകുപ്പ്, 4 -ാം പട്ടിക പ്രകാരം നിഷ്കർഷിക്കപ്പെട്ട ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ കുടിവെള്ളപദ്ധതികൾ ഉൾപ്പെടുന്നില്ല. എന്നാൽ പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയായ സ.ഉ.(കൈ) നം.11/2018/തസ്വഭവ,തിയതി 29.01.2018 ലെ ഖണ്ഡിക 7.1(ബി)(8) പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ സമ്മതത്തോടെ കുടിവെള്ള പ്രൊജക്ടുകൾ ഏറ്റെടുക്കാൻ അനുവാദം നൽകിയിട്ടുണ്ട്. മാത്രമല്ല മാർഗ്ഗരേഖയിലെ ഖണ്ഡിക 7(ബി) (6) പ്രകാരം കുടിവെള്ള പ്രൊജക്ടുകളുടെ തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃസമിതികളുടെ ചുമതലയാണ് എന്ന് പ്രൊജക്ടിൽ വ്യവസ്ഥ ചെയ്യേണ്ടതുമാണ്.

ബ്ലോക്ക് പഞ്ചായത്തുകളുടെ അനിവാര്യ ചുമതലയിൽ ഉൾപ്പെടാത്ത കുടിവെള്ള വിതരണ പദ്ധതികളുടെ പ്രൊജക്ടുകൾ ഏറ്റെടുത്തുനടത്തിയതിന്റെ ഫയലുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളുടെ ആസ്തിയിൽ ഉൾപ്പെടുന്നത് സംബന്ധിച്ച സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

2.ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളുടെ സമ്മത പത്രം ലഭ്യമാക്കിയിട്ടില്ല.

3. പദ്ധതി പൂർത്തീകരിച്ചത് രേഖാമൂലം ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടില്ല 2021-22 ൽ നിർവ്വഹണം നടത്തിയ കുടിവെള്ള പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| | പ്രൊജക്ട് നം, പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 1 | 163/22, തലമ്പ്രംപട്ട കുടിവെള്ള പദ്ധതി- സ്പിൽ ഓവർ | 248798 | 12873 |
| 2 | 170/22, ചെറിയപാറ കാക്കേനിക്കുന്ന് ഇരട്ടവരി കുടിവെള്ള പദ്ധതികൾ പൂർത്തീകരണം- സ്പിൽ ഓവർ | 38948 | 38948 |
| 3 | 169/22, കിഴക്കംപുറം അണ്ണാംതൊടി കുടിവെള്ള പദ്ധതികൾ പൂർത്തീകരണം- സ്പിൽ ഓവർ | 126777 | 112689 |
| 4 | 168/22, പുല്ലാനിവട്ട കുടിവെള്ള പദ്ധതി- സ്പിൽ ഓവർ | 335735 | 154948 |

| | | | |
|---|---|---|---|
| 5 | 171/22, വലിയപാറ ജവഹർ കുടിവെള്ള പദ്ധതികൾ പൂർത്തീകരണം- സ്പിൽ ഓവർ | 427273 | 245750 |
| 6 | 174/22, പരിയാരത്ത് കുടിവെള്ള പദ്ധതി- സ്പിൽ ഓവർ | 301453 | 265751 |
| 7 | 176/22, പുളിക്കലടി എസ്.ടി കോളനി കുടിവെള്ള പദ്ധതി- സ്പിൽ ഓവർ | 400800 | 400800 |
| 8 | 173/22, യത്തീംഖാന പൂക്കാടഞ്ചേരി കുടിവെള്ള പദ്ധതി പൂർത്തീകരണം- സ്പിൽ ഓവർ | 442316 | 395956 |
| 9 | 172/22, മാസപ്പറമ്പ് ബല്ലാംകുന്ന് കുടിവെള്ള പദ്ധതി- സ്പിൽ ഓവർ | 462548 | 447646 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.10/27.09.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിവെള്ള പദ്ധതികൾ ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് കൈമാറാൻ നടപടി സ്വീകരിക്കേണ്ടതാണ്. തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത കുടിവെള്ള പദ്ധതികൾക്ക് ഒരേ സമയം ഗ്രാമപഞ്ചായത്തുകളും പദ്ധതികൾ ആവിഷ്കരിച്ച് ഫണ്ട് ചെലവഴിക്കാൻ സാധ്യതയുള്ളതിനാൽ ബ്ലോക്ക് പഞ്ചായത്ത് പദ്ധതി പൂർത്തീകരിച്ച് കൈമാറിയ ശേഷം മാത്രമെ ഗ്രാമപഞ്ചായത്തുകൾ തുടർപ്രവർത്തനങ്ങൾ ഏറ്റെടുക്കാവൂ എന്നത് നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം പദ്ധതികളുടെ ചെലവിന് ഇരട്ടിപ്പും സുതാര്യതക്കുറവും ഉണ്ടാകാനുള്ള സാധ്യതയുണ്ട്.

1-17 പകൽ വീട്- കെട്ടിടം നാളിതുവരെയും പ്രവർത്തനക്ഷമമാക്കിയിട്ടില്ല

തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന പകൽ വീടിന്റെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതിനെ തുടർന്ന് ബാക്കിയുള്ള പ്രവൃത്തികൾ ചെയ്യുന്നതിന്റെ ഭാഗമായി ചുറ്റുമതിൽ നിർമ്മാണം, ഗേറ്റ്, കുടിവെള്ളത്തിനാവശ്യമായ കുഴൽകിണർ, പൈപ്പ്ലൈൻ, ടാങ്ക്, മുറ്റം ഇന്റർലോക്കിംഗ് എന്നിവയാണ് ചെയ്തിരിക്കുന്നത്. നടപ്പിലാക്കിയ പ്രോജക്ടിന്റെ ചെലവ് സംബന്ധിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ നമ്പരും, പേരും | അടങ്കൽ (വികസന ഫണ്ട്- ജനറൽ) | ചെലവഴിച്ച തുക | ബിൽ നം./തീയതി |
|---|---|---|---|
| 182/22, തച്ചനാട്ടുകര നാട്ടുകൽ പകൽവീട് പൂർത്തീകരണം (സ്പിൽ ഓവർ- 287/21) | 400000 | 400000 | 07/24.08.2021 |

പ്രദേശിക പരിശോധനയിൽ പകൽ വീടിന്റെ ആവശ്യത്തിനായി നിർമ്മിച്ച കെട്ടിടം നാളിതുവരെയും പ്രവർത്തനക്ഷമമാക്കി ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടില്ല. നിലവിൽ പകൽ വീടിലേക്ക് വഴി സൗകര്യം വയോജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന വിധത്തിലുള്ളതല്ലെന്ന് പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു. മെച്ചപ്പെട്ട വഴി സൗകര്യം ലഭ്യമാക്കി പകൽ വീട് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികളും, ഗ്രാമപഞ്ചായത്തിന് കൈമറാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വിയറി(16/28.09.2022)ക്ക് മറുപടി ലഭ്യമാക്കിയില്ല.

## 1-18 എഗ്രിമെന്റ് ചമയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല

കേരള പൊതുമരാമത്ത് മാന്വലിലെ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം മുതൽ 10 ദിവസത്തിനകം കരാറുടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കേണ്ടതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിൽ കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| പ്രവൃത്തിയുടെ വിവരം | ടെണ്ടർ അംഗീകരിച്ച തീയതി/ സെലക്ഷൻ നോട്ടീസ് തീയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി | എഗ്രിമെന്റ് വെച്ച തിയതി, നം. | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|
| 163/22, തലപ്പുവട്ട കുടിവെള്ള പദ്ധതി(SO.258/21, 123/20)<br>അടങ്കൽ -500000 (വികസന ഫണ്ട്-എസ്.സി.പി)<br>ചെലവ്- 202478 (12873 (Bill No.11/11.10.2021)+189605-(2020-21)<br>APAC- 369110 (ജി.എസ്.ടി ഒഴികെ)<br>കരാറുകാരൻ -ശ്രീ.മുഹമ്മദ്.എം<br>എഗ്രിമെന്റ് നം. 68/AEE/MKD/ 19-20, Dt.15.10.2019<br>ഭരണ സമിതി തീരുമാനം : 20.09.2019, തീരുമാനം നം.1(1) | 23.09.2019 | 06.10.2019 | 15.10.2019 | 3691 |

കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയതിന് പിഴ ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 12/27.09.2022) ക്ക് മറുപടി ലഭ്യമാക്കിയില്ല. പിഴ തുക ₹3691/- ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ കരാറുകാരനിൽ നിന്നും പിഴ കുറവായി ഈടാക്കി

2012 ലെ കേരള PWD മാന്വലിലെ സെക്ഷൻ 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ്

മാസമോ ഏതാണോ കുറവ് അതുവരെ രണ്ട് തവണകളായി പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതല്ല. ഖണ്ഡിക 2112.1 ൽ കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% തുകയും (കുറഞ്ഞത് 1000 രൂപ, കൂടിയത് 50000 രൂപ) ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% തുകയും (കുറഞ്ഞത് 2000 രൂപ, കൂടിയത് 100000 രൂപ) പിഴയായി ഈടാക്കേണ്ടതാണ്.

സമയം ദീർഘിപ്പിച്ച് നൽകുന്നതിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കരാറുകാരനുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന പ്രവൃത്തിയിൽ കരാറുകാരന് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ കുറവായി ഈടാക്കി.

165/22, ചെത്തല്ലൂർ തെക്കുമുറി വളപ്പീടിക റോഡ് കോൺക്രീറ്റ് (S.O.212/20)

അടങ്കൽ - ₹399282 (വികസന ഫണ്ട്-ജനറൽ)

ചെലവ് - 378490 {26/27.11.2021}

PAC- ₹356502 (ജി.എസ്.ടി ഒഴികെ)

കരാറുകാരൻ - ശ്രീ. മുഹമ്മദ് ഷമീർ.കെ

എഗ്രിമെന്റ് നം.: 30/AEE/MKD/19-20/03-09-2019

അളവു പുസ്തകം നം.- 305/19-20

പൂർത്തീകരണ കാലാവധി - 02.03.2020 (6 മാസം-TS പ്രകാരം)

പൂർത്തീകരിച്ച തിയതി- 29.07.2021

ഈടാക്കിയ പിഴ-3379

ഈടാക്കേണ്ടിയിരുന്നത്- ₹10695 (3% Of APAC)

ആകെ ഈടാക്കേണ്ട തുക- ₹ 7316 (10695-3379)

മേൽ പറഞ്ഞ പദ്ധതികളുടെ പൂർത്തീകരണം വൈകിയതിന് കരാറുകാരിൽ നിന്നും പിഴ കുറവായി ഈടാക്കിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(നം.13/27.09.2022)ക്ക് മറുപടി ലഭ്യമാക്കിയില്ല. ആകയാൽ പദ്ധതികളുടെ പൂർത്തീകരണം വൈകിയതിന് കരാറുകാരിൽ നിന്നും പിഴ തുക 7316 രൂപ ഈടാക്കി തനത് ഫണ്ടിലേക്ക് അടവാക്കേണ്ടതും ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-20 പുളിക്കലടി എസ്.ടി കോളനി കുടിവെള്ള പദ്ധതി- നിർവഹണത്തിലെ അപാകതകൾ

പ്രോജക്റ്റ് നമ്പരും, പേരും- 176/22, പുളിക്കലടി എസ് .ടി കോളനി കുടിവെള്ളപദ്ധതി(S.O.111/21)

അടങ്കൽ - ₹545296 {400800-വികസന ഫണ്ട്(ടി.എസ്.പി) + തനത് ഫണ്ട്-144496}

ചെലവ് - ₹456912 {400800-ബിൽ നം.49/27.03.2022, 56112- ബിൽ നം.288/26.03.2022-GPG}

കരാറുകാരൻ - ശ്രീ. നിഷാദ്.എം

എഗ്രിമെന്റ് നം.: 94/AEE/MKD/20-21/26-02-2021

TS No.LSGD/TS/2020-21/128366/04.11.2020

അളവു പുസ്തകം നം.- 38/21-22

നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

കോട്ടോപ്പാടം ഗ്രാമപഞ്ചായത്ത് 20-ാം വാർഡിൽ നിലിവിലുള്ള എസ്.ടി കോളനിയിൽ നിലവിലുള്ള

കുളത്തിലെ വെള്ളം വൃത്തിയാക്കിയും പാരപ്പറ്റ് കരിങ്കൽ ബലപ്പെടുത്തിയും, 6 മീറ്റർ ഉയരമുള്ള കോൺക്രീറ്റ് ഫ്രെയിമിൽ 10000ലിറ്റർ പി.വി.സി ടാങ്ക് ഫിറ്റിംഗ് ചെയ്യുന്ന പ്രവൃത്തിയും, മോട്ടോർ ഷെഡ്ഡും, 3HP മോട്ടോർ പൈപ്പ്ലൈൻ പണിയും, പൈപ്പ് ലൈൻ മെയിൻ പണിയും ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്.

മേൽ പദ്ധതിയിൽ വാട്ടർ ടാങ്ക് സ്ഥാപിച്ച സ്ഥലത്തു നിന്നും ഏകദേശം 400 മീറ്റർ അകലെയാണ് തുറന്ന കിണർ/കുളം സ്ഥിതി ചെയ്യുന്നത്. പ്രീകാസ്റ്റ് മോട്ടോർ ഷെഡ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആയതിന് വാതിൽ സ്ഥാപിച്ചിട്ടില്ല. 3 HP മോട്ടോർ സ്ഥാപിച്ചതിന്റെ അടിസ്ഥാനത്തിൽ ബിൽ മാറിയെടുത്തിട്ടുണ്ടെങ്കിലും ഓഡിറ്റിന്റെ ഭാഗമായി ഓവർസീയറുടെയും മറ്റു ജീവനക്കാരുടെയും സാന്നിദ്ധ്യത്തിൽ പ്രാദേശിക പരിശോധന നടത്തിയതിൽ പദ്ധതി സ്ഥലത്ത് മോട്ടോർ, ആയതിന്റെ പാനൽ ബോർഡ് എന്നിവ സ്ഥാപിച്ചതായി കണ്ടെത്തിയില്ല. കൂടാതെ മുഴുവനായി പൈപ്പ് ലൈൻ ഇടാതെയും, വൈദ്യുതി കണക്ഷൻ എടുക്കാതെയും മോട്ടോർ വാങ്ങിയതായി എം. ബുക്ക്, ബിൽ എന്നിവ പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. മോട്ടോർ വാങ്ങിച്ചിട്ടുണ്ടെങ്കിൽ ആയത് വാങ്ങിയതിന്റെ ടാക്സ് ഇൻവോയിസ്, വാറന്റി കാർഡ് എന്നിവ ഫയലിൽ ഇല്ല. നിലവിലുള്ള വൈദ്യുതി ലൈനിൽ സിംഗിൾ ഫേസ് മാത്രമാണുള്ളത്. ആയത് ത്രീഫേസ് ആക്കിയാൽ മാത്രമെ 3HP മോട്ടോർ പ്രവർത്തിപ്പിക്കാൻ സാധിക്കുകയുള്ളൂ.


(മോട്ടോർ ഷെഡ്)


(കുടിവെള്ളം പമ്പ് ചെയ്യുന്നതിന് ഉപയോഗിക്കുന്ന പദ്ധതി പ്രദേശത്തെ കുളം)

പൈപ്പ്ലൈൻ മുഴുവനാക്കാതെയും, 3 ഫേസ് വൈദ്യുതി കണക്ഷൻ ലഭ്യമാക്കാതെയും മേട്ടോർ വാങ്ങിച്ചതിന്റെ ടാക്സ് ഇൻവോയിസ്, വാറന്റി കാർഡ് എന്നിവ ഫയലിൽ സൂക്ഷിക്കാത്തത് സംബന്ധിച്ചും, പ്രീകാസ്റ്റ് മോട്ടോർ ഷെഡ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആയതതിന് വാതിൽ സ്ഥാപിച്ചിട്ടില്ലാത്തത് സംബന്ധിച്ചും, ഷെഡ്ഡിൽ മോട്ടോറിന്റെ പാനൽ ബോർഡ് സ്ഥാപിക്കാത്തത് സംബന്ധിച്ചും വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (14/28.09.2022)ക്ക് നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ മോട്ടോർ വാങ്ങിച്ചതിന്റെയും, മോട്ടോർ ഷെഡ്ഡിന് ചെലവായതിന്റെയും തുക 74877 (46477+ 28400) രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

വാട്ടർ ടാങ്കിന്റെയും കുളത്തിന്റെയും ഇടയിൽ പൈപ്പ് ലൈൻ ഇട്ടതിൽ ഏകദേശം 10 മീറ്റർ വീതിയുള്ള തോട് കുറുകെ കടന്നു പോകുന്നുണ്ട്. തോട്ടിന്റെ കുറുകെ പൈപ്പ് ഇട്ടതിൽ PVC Pipe തോടിന്റെ സൈഡിൽ മണ്ണിലുള്ളിലൂടെ ഇടുന്നതിനു പകരം പൈപ്പ് പുറമെകൂടി ഇട്ടതായിട്ടാണ് കാണുന്നത്. ആയത് ശക്തമായി മഴവെള്ളപ്പാച്ചിലിൽ പൊട്ടിപ്പോകുന്നതിന് സാധ്യതയുണ്ട്. ഇത്തരം അപാകതകൾ Defects Liability

Periodനുള്ളിൽ കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ പരിഹരിക്കേണ്ടതാണ്.

കുളത്തിലെ വെള്ളം കുടിക്കാൻ യോഗ്യമാണ് എന്ന് ഉറപ്പ് വരുത്തേണ്ടതും, കൂടാതെ പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിച്ച് ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടതുമാണ്. പ്രവൃത്തി പൂർത്തീകരിച്ച് പദ്ധതി ഗ്രാമ പഞ്ചായത്തിന് കൈമാറുന്നതിന് മുമ്പ് തന്നെ ഗ്രാമപഞ്ചായത്ത് ഈ പദ്ധതിയിൽ പ്രോജക്റ്റ് വെയ്ക്കുന്നത് പ്രവൃത്തിയിൽ ഇരട്ടിപ്പും പ്രവൃത്തിയിൽ സുതാര്യത കുറവ് ഉണ്ടാകാനും സാധ്യതയുണ്ട്.

1-21 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതുവായ വിലയിരുത്തൽ

എ. ചെലവിന്റെ വിവരം

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, അസിസ്റ്റന്റ് എഞ്ചിനിയർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി 137 മരാമത്ത് പ്രവൃത്തികൾക്ക് തൻവർഷം അംഗീകാരം ലഭ്യമാക്കിയതിൽ 54 പ്രവൃത്തികൾക്കുള്ള തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ 7.19കോടി രൂപയിൽ 1.99കോടി രൂപയാണ് മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. വകയിരുത്തിയ തുകയുടെ 27.68% മാത്രമാണ് തൻവർഷത്തെ ചെലവ്.

സർക്കുലർ നം.ഡി.എ.1/26/2019/തസ്വഭവ തിയതി 25-01-2019 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവൃത്തികളുടെ ഓരോ ഘട്ടം തീരുന്ന മുറയ്ക്കും പാർട്ട് ബിൽ എഴുതുന്ന രീതി കൃത്യമായി അവലംബിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും നിർദ്ദേശം കാര്യക്ഷമമായി നടപ്പാക്കപ്പെട്ടിട്ടില്ല എന്ന് വിലയിരുത്തുന്നു.

ബി. രേഖകളുടെ സൂക്ഷിപ്പ്

1.എസ്റ്റിമേറ്റുകളിൽ മരാമത്ത് പ്രവൃത്തിയുടെ പേര്, വർഷം, ഫണ്ടിനം, ചെലവഴിച്ച തുക, സ്ഥാപനത്തിന്റെ പേര് എന്നിവ സൂചിപ്പിക്കുന്ന ഡിസ്പ്ലെ ബോർഡിനുള്ള തുക വകയിരുത്തി അവ സ്ഥാപിക്കുന്നില്ല.

2.സചിത്ര സോഫ്റ്റ്വെയറിന്റെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കപ്പെടാത്തതിനാൽ ആസ്തി രജിസ്റ്റർ കാലികമാക്കുവാനും പദ്ധതി രൂപീകരണത്തിൽ പ്രയോജനപ്പെടുത്തുവാനും സാധിച്ചിട്ടില്ല. നിലവിൽ ബ്ലോക്ക് പഞ്ചായത്തിൽആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3.എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി 2012 ലെ PWD മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

4.ടാറിംഗ് ഉൾപ്പെടുന്ന പ്രവൃത്തികളുടെ കാലി ബാരലുകളുടെ തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റുന്നുണ്ടെങ്കിലും ആയവയുടെ ജി.എസ്.ടി ഒടുക്കിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല.

5. ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ അംഗീകരിച്ചത് സംബന്ധിച്ച് ഭരണസമിതി തീരുമാനം രേഖപ്പെടുത്തുന്നില്ല.

ഓഡിറ്റ് നിർദ്ദേശം

1. സാമ്പത്തിക വർഷാവസാനം കൂടുതൽ ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്നതിനുള്ള പ്രവണത ഒഴിവാക്കേണ്ടതാണ്.
2. പ്രവൃത്തികളുടെ ഓരോ ഘട്ടവും തീരുന്ന മുറയ്ക്ക് പാർട്ട് ബില്ലുകൾ അനുവദിച്ച് പരമാവധി തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. PWD മാന്വൽ അനുസരിച്ചുള്ള സമയക്രമം പാലിച്ചുകൊണ്ട് കരാറുകാർ പ്രവൃത്തികൾ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
4. വികസന സ്റ്റാന്റിംഗ് കമ്മിറ്റി പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ ഇടപെടൽ നടത്തേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.
5. മരാമത്ത് പ്രവൃത്തികളുടെ രേഖകൾ കാലികമാക്കി സൂക്ഷിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ PWD മാന്വൽ, 1997 ലെ കേരള പഞ്ചായത്ത് രാജ്(മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.17/28.09.2022)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 19.09.2022 മുതൽ 28.09.2022 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഒന്നുമില്ല.

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| അനർട്ട്, പാലക്കാട് | 279/22 – ഹൈറാനി നെല്ലിക്കുന്ന് വാക്കോടൻ കോമ്പാട മുക്കാലൻകുന്ന് ലക്ഷം വീട് കോളനി സൌരോർജ്ജ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 31/21.3.22 | 510000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |

| | | | | |
|---|---|---|---|---|
| | കരിമ്പ ഗ്രാമ പഞ്ചായത്ത് | | | |
| അനർട്ട്, പാലക്കാട് | 266/22 – അമ്പലപ്പറമ്പ് കല്ലംകാട് വാളിയാടി വടക്കേമഠം കോളനികളിൽ സൗരോർജ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ കുമരംപുത്തൂർ ഗ്രാമ പഞ്ചായത്ത് | 32/21.3.22 | 510000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| അനർട്ട്, പാലക്കാട് | 279/22 – ഐെരാനി നെല്ലിക്കുന്ന് വാക്കോടൻ കോമ്പാട മുക്കാലൻകുന്ന് ലക്ഷം വീട് കോളനി സൌരോർജ്ജ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ കരിമ്പ ഗ്രാമ പഞ്ചായത്ത് | 33/213.22 | 382000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| അനർട്ട്, പാലക്കാട് | 282/22- കല്ലംങ്കാട് കോളനി സൗരോർജ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ കുമരംപുത്തൂർ ഗ്രാമ പഞ്ചായത്ത് | 35/21.3.22 | 180000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| അനർട്ട്, പാലക്കാട് | 339/22 – കുനിയങ്കാട് എസ് സി കോളനിയിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ കരിമ്പ ഗ്രാമ പഞ്ചായത്ത് | 34/21.3.22 | 200000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| അനർട്ട്, പാലക്കാട് | 336/22 അമ്പലപ്പാറ ഇരട്ടവാരി എസ്സി കോളനിയിൽ സോളാർ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 36/21.3.22 | 198000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| കെ.ഡബ്ല്യ.എ, പി.എച്ച്. | 32/22 – അമ്പംക്കടവ് | 28/11.3.22 | 510000 | വിനിയോഗ സാക്ഷ്യപത്രം |

| | | | | | |
|---|---|---|---|---|---|
| ഡിവിഷൻ, ഷൊർണ്ണൂർ | മുണ്ടക്കുന്ന് മുണ്ടപ്പാടം പട്ടികജാതി കോളനികളിൽ വാട്ടർ അതോറിറ്റി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ കാഞ്ഞിരപ്പുഴ പഞ്ചായത്ത് | | | ലഭ്യമായിട്ടില്ല |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഒന്നുമില്ല.

4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

4-7 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ, വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|
| 2003-04 | ഖ.4.13 | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 16-9-2021 ന് പരിഗണിച്ചിട്ടുണ്ട്. അന്തിമ തീർപ്പ് ലഭ്യമായിട്ടില്ല. |
| 1999-00 | ഖ.11- മുതുകുർശി പത്തായക്കല്ല് (തോട് സംരക്ഷണം)<br>തുക-140613 | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 16-9-2021 ന് പരിഗണിച്ചിട്ടുണ്ട്. അന്തിമ തീർപ്പ് ലഭ്യമായിട്ടില്ല. |
| 1999-00 | 12- ഐ.സി.ഡി.പി സബ്സെന്റർ-ഫർണീച്ചർ വിതരണം,<br>തുക- 15204 | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 16-9-2021 ന് പരിഗണിച്ചിട്ടുണ്ട്. അന്തിമ തീർപ്പ് ലഭ്യമായിട്ടില്ല. |
| 1999-00 | ഖ 13- | ലോക്കൽ ഫണ്ട് |

| | | |
|---|---|---|
| | വനിതാ കാറ്ററിംഗ് സൊസൈറ്റിക്ക് ഗ്രാന്റ് നൽകിയത് -100000- | അക്കൗണ്ട്സ് കമ്മിറ്റി 16-9-2021 ന് പരിഗണിച്ചിട്ടുണ്ട്. അന്തിമ തീർപ്പ് ലഭ്യമായിട്ടില്ല. |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| വിശദാംശങ്ങൾ | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 28731644.87 |
| ഓഡിറ്റ് വർഷത്തെ വരവ് | 89946445.00 |
| ആകെ | 118678089.87 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 77980301.00 |
| നീക്കിയിരിപ്പ് | 40697788.87 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 74877 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-20 | - | 74877 | ശ്രീ. രാജേഷ്.പി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല.

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 3691 | ശ്രീ. രാജേഷ്.പി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 1-19 | 7316 | ശ്രീ. രാജേഷ്.പി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തി ന്/തടസ്സത്തിന് ഉ ത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. രാജേഷ്. പി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത് | കൗസ്തുഭം, ശ്രീകൃഷ്ണപുരം.പി.ഒ, പാലക്കാട്-679513 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1998-99 | എൽ.എഫ്.പി.8/998/02/ 02.03.03 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 1999-00 | എൽ.എഫ്.പി.8/1090/03/ 15.11.03 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 2000-01 | എൽ.എഫ്.പി.8/530/05/ 05.04.06 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 2001-02 | എൽ.എഫ്.പി.8/530/05/ 06.11.07 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 2002-03 | എൽ.എഫ്.പി.8/1349/07/ 06.11.07 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 2003-04 | എൽ.എഫ്.പി.8/1350/07/ 06.11.07 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 2004-05 | എൽ.എഫ്.പി.8/1351/07/ 06.11.07 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 2005-06 | എൽ.എഫ്.പി.8/1352/07/ 06.11.07 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 2006-07 | എൽ.എഫ്.പി.8/1353/07/ 06.11.07 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 2007-08 | എൽ.എഫ്.പി.8/1354/07/ 06.11.07 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 2008-09 | എൽ.എഫ്.പി.8/1340/11/ 16.12.11 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 2009-10 | എൽ.എഫ്.പി.8/1340/11/ 16.12.11 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 2010-11 | എൽ.എഫ്.പി.8/1523/14/ 03.06.15 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 2011-12 | എൽ.എഫ്.പി.8/1523/14/ 03.06.15 | ഫർദർ റിമാർക്സ് പുറപ്പെടുവിച്ചു |
| 2012-13 | കെ.എസ്.എ.പി.കെ.ഡി.8/1103/15/04.12.15 | ഫർദർ റിമാർക്സ് |

| | | |
|---|---|---|
| 2013-14 | | പുറപ്പെടുവിച്ചു |
| 2014-15 | കെ.എസ്.എ.പി.കെ.ഡി.8-382/16/ 2.4.16 | ഫർദർ റിപ്പോർട്ട് |
| 2015-16 | കെ.എസ്.എ.പി.കെ.ഡി.8-459/17/ 20.5.17 | ഫർദർ റിപ്പോർട്ട് |
| 2016-17 | കെ.എസ്.എ.പി.കെ.ഡി.8-2094/17/ 03.04.18 | ഫർദർ റിപ്പോർട്ട് |
| 2017-18 | കെ.എസ്.എ.പി.കെ.ഡി.8-790/19/ 18.10.19 | ഫർദർ റിപ്പോർട്ട് |
| 2018-19 | കെ.എസ്.എ.പി.കെ.ഡി.8-609/20/ 18.10.19 | ഫർദർ റിപ്പോർട്ട് |
| 2019-20 | കെ.എസ്.എ.പി.കെ.ഡി.8-302/22 /18.5.22 | ഓഡിറ്റ് റിപ്പോർട്ട് |
| 2020-21 | കെ.എസ്.എ.പി.കെ.ഡി.8-303/22 /18.05.22 | ഓഡിറ്റ് റിപ്പോർട്ട് |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം .3

## വാർഷിക ധനകാര്യപത്രിക- സംക്ഷിപ്തം

| | | | |
|---|---|---|---|
| | Mannarkkad Block Panchayat RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2021 to 31-March-2022 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 28731644.87 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 140000000 | Fees & User Charges | RP-4 | 71534.00 |
| 150000000 | Sale & Hire Charges | RP-5 | 25933.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 54741214.00 |
| 171000000 | Interest Earned | RP-9 | 643005.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 26364893.00 |
| 350000000 | Other Liabilities | RP-36 | 90130.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 158877.00 |
| 340000000 | Deposits Received | RP-34 | 57893.00 |
| 350000000 | Other Liabilities | RP-36 | 1130223.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 6112743.00 |
| 460000000 | Loans, Advances and Deposits | RP-47 | 550000.00 |
| | Grand total | | 118678089.87 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3817841.00 |
| 220000000 | Administrative Expenses | RP-12 | 853832.00 |
| 230000000 | Operations & Maintenance | RP-13 | 356750.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 7616545.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 31555075.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1547966.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 235707.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 3600.00 |
| 255000000 | Maintenance Projects | RP-20 | 6400822.00 |
| 280000000 | Prior Period Item / Transfer to Reserve | RP-26 | 103042.00 |

| | | | |
|---|---|---|---|
| | Funds(ILGMS) | | |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7029296.00 |
| 350000000 | Other Liabilities | RP-36 | 87130.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 3510.00 |
| 340000000 | Deposits Received | RP-34 | 33179.00 |
| 350000000 | Other Liabilities | RP-36 | 84606.00 |
| 410000000 | Fixed Assets | RP-38 | 5720858.00 |
| 412000000 | Capital work in Progress | RP-40 | 3280101.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 6952570.00 |
| 460000000 | Loans, Advances and Deposits | RP-47 | 2297871.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 40697788.87 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 118678089.87 |

| Mannarkkad Block Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 677340.00 |
| 140000000 | Fee & User Charges | I-4(b) | 71534.00 |
| 150000000 | Sale & Hire Charges | I-5(b) | 25933.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 61262643.00 |
| 171000000 | Interest Earned | I-8 | 643005.00 |
| 180000000 | Other Income | I-9 | 158877.00 |
| | Total Income | | 62839332.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 3817841.00 |
| 220000000 | Administrative Expenses | I-11(b) | 853832.00 |
| 230000000 | Operations & Maintenance | I-12(b) | 361342.00 |
| 240000000 | Interest & Finance Charges | I-13 | 3510.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7616545.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 31555075.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1565802.00 |
| 253000000 | Decentralised Plan Programme-Projects | I-14(c) | 235707.00 |

| | | | |
|---|---|---|---|
| | not included in Sector Division | | |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 3600.00 |
| 255000000 | Maintenance Projects | I-14(e) | 6400822.00 |
| 272000000 | Depreciation | I-17(a) | 1131425.00 |
| | Total Expenditure | | 53545501.00 |
| | Gross Surplus / Deficit of income over Expenditure | | 9293831.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | 103042.00 |
| | Net difference (Prior period Income - Prior period Expenditure) | | 9190789.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

| Mannarkkad Block Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2021 to 31-March-2022 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 40535319.87 |
| 312000000 | Reserves | B-3 | 133382734.00 |
| | Total Reserve & Surplus | | 173918053.87 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 39864506.00 |
| | Total Grants, Contributions for Specific Purposes | | 39864506.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 751824.00 |
| 350000000 | Other Liabilities | B-9 | 1078155.00 |
| | Total Current Liabilities and Provisions | | 1829979.00 |
| | TOTAL LIABILITIES | | 215612538.87 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 157715970.00 |
| 411000000 | Accumulated Depreciation | B-11 | -1131425.00 |
| 412000000 | Capital Work in Progress | B-11(a) | 9717275.00 |
| | Total Fixed Assets | | 166301820.00 |
| | Investments | | |

| | | | |
|---|---|---|---|
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 5937468.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 40697788.87 |
| 460000000 | Loans, Advances and Deposits | B-18 | 2675462.00 |
| | Total Current Assets, Loans and Advances | | 49310718.87 |
| | Other Assets | | |

| | |
|---|---|
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 215612538.87 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ